(ഡി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര സഹായമായി ലഭിച്ച തുക താഴെ പറയും പ്രകാരമാണ്:

വർഷം	തുക (രൂപ കോടിയിൽ)
2001-02	3370.29
2002-03	3846.45
2003-04	3887.78
2004-05	5199.86

സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ ധനവകുപ്പിന്റെ പരിശോധന

37 [494] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേന്റെ പ്രവർത്തനം സംബന്ധിച്ച് സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പരിശോധനാ വിഭാഗം എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

1998-ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം

38 [495] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം കേരളത്തിൽ ഇപ്പോൾ പ്രാബല്യത്തിൽ ഉണ്ടോ;

(ബി) ഈ നിയമത്തിന് വിരുദ്ധമായി അന്യ സംസ്ഥാന ലോട്ടറികൾ കേരളത്തിൽ പ്രവർത്തിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ എത്ര റെയിഡുകൾ നടന്നിട്ടുണ്ട്; എത്ര കേസുകൾ എടുത്തിട്ടുണ്ട് ; അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly